# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 അവലോകന യോഗത്തിന്റെ മിനിറ്റ്സ്

**2020 ജൂലൈ 06 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**

അതിർത്തി പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ശക്തമാക്കണം എന്നാണ് അഭിപ്രായം. എറണാകുളം ജില്ലയിൽ കച്ചവടക്കാരുടെ കുടുംബാംഗങ്ങൾക്ക് രോഗബാധ സ്ഥിരീകരിച്ചത് റോഡ് മാർഗ്ഗം വഴി കേരളത്തിലേക്ക് എത്തുന്ന എല്ലാവരുടെയും വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല. കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങൾ സംബന്ധിച്ച് ഇന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും ഡിഎംഒ മാരുമായി അവലോകനയോഗം നടത്തിയിരുന്നു ഒന്ന് രണ്ട് ജില്ലകൾ ഒഴിച്ച് ബാക്കിയെല്ലാവരും രണ്ടാം നിര കോവിഡ്ചികിത്സാകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. രണ്ടു ദിവസത്തിനകം പൂർണ്ണ ലിസ്റ്റ് തയ്യാറാക്കാൻ ആകുമെന്നാണ് ഡി എം ഓ മാർ അറിയിച്ചിട്ടുള്ളത്. പരിശോധനാ ഫലങ്ങൾ താമസിക്കരുത് എന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കസ്റ്റഡിയിലുള്ളവരുടെയും മറ്റും പരിശോധനാ ഫലങ്ങൾ ക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിസ്ചാർജ് ചെയ്യുന്നവരുടെ പരിശോധനാഫലം ഇപ്പോൾ പിസിആർ ടെസ്റ്റ് ആണ് നടത്തുന്നത്. മറ്റൊരു പരിശോധന നടത്തുന്ന കാര്യം കുറച്ചുകൂടി ആഴത്തിൽ പഠിച്ച ശേഷം തീരുമാനം എടുക്കാവുന്നതാണ്.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

നിലവിൽ കേരളത്തിൽ 56262 പേർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിൽ 2252 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. ഇന്ന് 193 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ മലപ്പുറം ജില്ലയിൽ നാലാം തീയതി മരണമടഞ്ഞ വ്യക്തിയുടെ പരിശോധനാ ഫലവും ഉൾപ്പെടുന്നു. കൂടാതെ രോഗം സ്ഥിരീകരിച്ച എറണാകുളം ജില്ലയിൽ ചികിത്സയിലായിരുന്ന മറ്റൊരു വ്യക്തി കൂടി മരണമടഞ്ഞിട്ടുണ്ട്. സാമ്പിൾ പോസിറ്റിവിറ്റി റേറ്റ് 2.02 ആണ്. കേസ് ഫെറ്റാലിറ്റി റേറ്റ് 0.5 ശതമാനമാണ്. ഇന്ന് 167 പേർക്ക് രോഗം ഭേദമായി. കേരളത്തിൽ ഇതുവരെ 27 പേരാണ് കോവിഡ് മൂലം മരണമടഞ്ഞത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ ഇരിക്കുന്നവരിൽ 26 പേർ ഐസിയുവിൽ ആണ്. ഇതിൽ ആറുപേർ വെന്റിലേറ്ററിലാണ്. 183291 പേരാണ് സർവൈലൻസ്സിൽ ഉള്ളത്. 2975 പേർ ആശുപത്രിയിൽ നിരീക്ഷണത്തിലാണ്. കൂടാതെ സി എഫ് എൽ ടി സി കൾ 28 എണ്ണം കൂടി അടുത്ത ആഴ്ചയോടെ കൂടി സജ്ജമാകും എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. പൊന്നാനിയിൽ ക്ലസ്റ്റർ കണ്ടൈൻമെന്റ് മുൻകരുതലുകളെക്കുറിച്ചും അദ്ദേഹം യോഗത്തിൽ വിവരിച്ചു. പൊന്നാനിയിൽ 1479 സി എൽ ഐ എ ഇമ്മ്യൂണോ അസ്സെ ആന്റിബോഡി പരിശോധിച്ചതിൽ ആറെണ്ണം മാത്രമാണ് റിയാക്റ്റീവായി കണ്ടെത്തിയത്. റാപ്പിഡ് ആന്റിജൻ ടെസ്റ്റ് 675 എണ്ണം പരിശോധിച്ചതിൽ രണ്ടെണ്ണം മാത്രമാണ് പോസിറ്റീവ് ആയിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷനിൽ കേസുകൾ കൂടി വരുന്ന സാഹചര്യത്തിൽ നടത്തിയ പഠനത്തെ

കുറിച്ച് അദ്ദേഹം യോഗത്തെ അറിയിച്ചു. ഹൈ റിസ്ക് ടോപ് പ്രയോറിറ്റി വാർഡുകൾ കണ്ടെത്തിയതായും അദ്ദേഹം യോഗത്തെ അറിയിച്ചു. ഇവിടെ നടത്താൻ ഉദ്ദേശിക്കുന്ന ടെസ്റ്റിംഗിനെ കുറിച്ചും അദ്ദേഹം യോഗത്തിൽ വിവരിച്ചു. 2500 സി എൽ ഐ എ ഇമ്മ്യൂണോ അസ്സെയും 2500 റാപിഡ് ആന്റിജൻ ടെസ്റ്റ് തിരുവനന്തപുരം കോർപ്പറേഷനിൽ നടത്തുമെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. കേരളത്തിൽ സ്ഥിരീകരിച്ച 5429 കേസുകളിൽ 4757 കേസുകൾ കേരളത്തിനു പുറത്തുനിന്നും വന്നവരിലും 672 കേസുകൾ കേരളത്തിൽ സമ്പർക്കത്തിലൂടെയും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 50% കേസുകൾ മലപ്പുറം, കണ്ണൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ ജില്ലകളിൽ നിന്നുമാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. കൂടാതെ അവസാനത്തെ 14 ദിവസം റിപ്പോർട്ട് ചെയ്ത കേസുകളിൽ 60 ശതമാനവും പാലക്കാട്, മലപ്പുറം, കൊല്ലം, തൃശ്ശൂർ കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ നിന്നാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു. ഈ ജില്ലകളിൽ കൂടുതൽ കർശന നടപടികളും പ്രതിരോധ പ്രവർത്തനങ്ങളും വേണ്ടിവരുമെന്നും അദ്ദേഹം യോഗത്തിൽ അഭിപ്രായപ്പെട്ടു. കോവിഡ് മരണങ്ങളെക്കുറിച്ചുള്ള വിവരണം അദ്ദേഹം നടത്തുകയുണ്ടായി. ആരോഗ്യ പ്രവർത്തകരും ഫ്രണ്ട് ലൈൻ പ്രവർത്തകരും ഡ്യൂട്ടിക്ക് ഇടയിൽ രോഗംബാധിച്ചതിനെ കുറിച്ചുള്ള വിവരണം അദ്ദേഹം യോഗത്തെ അറിയിച്ചു ഇങ്ങനെ രോഗബാധിതരായ 51 ഡോക്ടർമാർ, നഴ്സുമാരും, 20 പേർ ഫീൽഡ് ഉദ്യോഗസ്ഥരും, ജെ എച് ഐ, ജെപിഎച്ച് എൻ മുതലായവരും 11പേർ ആശാ പ്രവർത്തകരും ആണ്

ഉറവിടം കണ്ടെത്താൻ സാധിക്കാത്ത 166 കേസുകളായിരുന്നു കേരളത്തിലുണ്ടായിരുന്നത് ഇതിൽ 125 കേസ്സുകളുടേയും ഉറവിടം കണ്ടെത്താനായി സാധിച്ചു എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. 41 കേസുകൾ പഠനം നടന്നു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ കേരളത്തിന് പുറത്ത് രോഗം സ്ഥിരീകരിച്ച മലയാളികളെക്കുറിച്ചുള്ള വിവരണം അദ്ദേഹം നടത്തുകയുണ്ടായി. എയർപോർട്ട് സർവെലൻസ് വഴി ഐ ജി എം പോസിറ്റീവ് ആയതിന്റെയും, ട്രാവൽ സർവൈലൻസിന്റെയും വിവരണം അദ്ദേഹം യോഗത്തെ അറിയിച്ചു. കോവിഡ് ഹോസ്പിറ്റലുകളുടെ ഒരു സമ്മറിയും, ടെസ്റ്റുകളെക്കുറിച്ചുള്ള വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു. 24 മണിക്കൂറിൽ 9977 പരിശോധനകൾ നടത്തിയതിൽ നിന്നും 193 പരിശോധന ഫലമാണ് പോസിറ്റീവായി വന്നിട്ടുള്ളത് കൂടാതെ സെന്റിനൽ സർവെലൻസ് റിപ്പോർട്ടും അദ്ദേഹം യോഗത്തെ അറിയിച്ചു ജൂൺ 1 മുതൽ 30 വരെ നടത്തിയ പരിശോധനകൾ 17079 പരിശോധനകൾ നടത്തിയതിൽ 38 എണ്ണം പോസിറ്റീവായി. 0.22 ശതമാനമാണ് പോസിറ്റിവിറ്റി. കൂടാതെ വയോജനങ്ങളുടെ സംരക്ഷണത്തിനായി ഗ്രാന്റ് കെയർ ക്യാമ്പയിൻ എന്ന ഒരു പ്രവർത്തനം ആരംഭിച്ചിരിക്കുന്നത് അദ്ദേഹം അറിയിച്ചു. ടെലി മെഡിസിൻ ഇ-സഞ്ജീവനി വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു. കൂടാതെ സെൽഫ് റിപ്പോർട്ടിംഗ് ഫോം ഒരു പൈലറ്റ് സ്റ്റഡി തിരുവനന്തപുരം ജില്ലയിലെ കരകുളം, മലപ്പുറം ജില്ലയിലെ ചാലിയാർ എന്നിവിടങ്ങളിൽ നടത്തിയ വിവരണവും അദ്ദേഹം യോഗത്തെ അറിയിച്ചു.

കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങളുടെ രണ്ടാം നിര ജൂലൈ 10 ഓടുകൂടി എല്ലാ ജില്ലയിലും തയ്യാറാകും. ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്ന് വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. എൻട്രൻസ് പരീക്ഷ എസ്എസ്എൽസി പരീക്ഷ നടത്തിയ മാതൃകയിൽ തന്നെ നടത്താം എന്നാണ് അഭിപ്രായം.

## ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്

തിരുവനന്തപുരം ജില്ലയിലെ കണ്ടൈൻമെന്റ് സോണുകൾ ആയിട്ടുള്ള വാർഡുകളിൽ ഇന്ന് സന്ദർശനം നടത്തിയിരുന്നു എന്ന് പോലീസുകാർ കാര്യങ്ങൾ വളരെ ഭംഗിയായി നടത്തിയിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപെട്ടു. ഇന്ന് ഹോം സെക്രട്ടറിയുമായി വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. പ്രവാസികളുടെ വിമാനങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചയും നടന്നിരുന്നു. വന്ദേഭാരത് മിഷനിൽ 360 വിമാനങ്ങൾ വരുമെന്ന് ഉറപ്പു തന്നിരുന്നുവെങ്കിലും 76 എണ്ണം മാത്രമെ ഇതുവരെ എത്തിയിട്ടുള്ളൂ. 671 സ്വകാര്യ വിമാനങ്ങൾ ഇതുവരെ എത്തി. സൗദി, ബഹറൈൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിൽ നിന്ന് വിമാനങ്ങളുടെ വരവ് കുറവാണ്. ആയതിനാൽ അത് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞിരുന്നു. അതിനെ തുടർന്ന് എയർ ഇന്ത്യയുടെ 52 വിമാനങ്ങൾ സൗദിയിൽ നിന്ന് ആളുകളെ കൊണ്ടുവരുമെന്നു അറിയിച്ചു. വിമാനങ്ങൾ കുവൈറ്റിൽ നിന്നും ഒരുക്കിയിരിക്കുന്നത് ആയി കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ബഹ്റിനിൽ നിന്ന് കൂടുതൽ പേർ വരാൻ ഇല്ലാത്തതിനാലാണ് വിമാനങ്ങൾ അറേഞ്ച് ചെയ്യാത്തതെന്ന് യോഗത്തിൽ പറഞ്ഞു. ലോക്ക് ഡൌൺന് മുമ്പ് തന്നെ അഞ്ചു ലക്ഷത്തി നാൽപത്തി ആറായിരം പേർ കേരളത്തിലേക്ക് വരാൻ രജിസ്റ്റർ ചെയ്തിരുന്നു. മൂന്നേ മുക്കാൽ ലക്ഷത്തോളം ആൾക്കാരാണ് ഇനി തിരിച്ചു വരാൻ ആയിട്ടുള്ളത്. ഈ കണക്ക് ഉറപ്പുവരുത്തണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലേക്ക് വിമാനങ്ങൾ അനുവദിക്കുമ്പോൾ വിമാനങ്ങൾക്കിടയിൽ സമയക്രമം പാലിച്ച് വരണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. തിരക്ക് കുറയ്ക്കാൻ ഇത് വളരെ അത്യാവശ്യമാണ്. മാത്രമല്ല അന്യരാജ്യങ്ങളിൽ വിസയുള്ള അവർക്ക് തിരിച്ചു പോകാൻ അനുവദിക്കണമെന്ന് അവർ തുടർച്ചയായി ആവശ്യപ്പെടുന്നു. ഈ കാര്യങ്ങളിൽ രണ്ടുമൂന്ന് ദിവസത്തിൽ തീരുമാനമെടുക്കാമെന്ന് അവർ പറഞ്ഞു. ഇതു സംബന്ധിച്ച് നടന്ന ചർച്ച വളരെ ഉപയോഗപ്രദം ആയിരുന്നു പ്രവേശന പരീക്ഷ ജൂലൈ 15ന് നടക്കുന്നത് മാറ്റി വയ്ക്കേണ്ട കാര്യമില്ല എന്നാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും അഭിപ്രായം. ആരോഗ്യവകുപ്പ് ഇത് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണം ഇരട്ടിയാക്കാൻ പറ്റുമോ എന്ന കാര്യം ആരോഗ്യവകുപ്പ് പരിശോധിക്കണം

പൊന്നാനിയിലെ ലോക് ഡൗൺ ഇന്ന് അവസാനിക്കും. അവടെ ഇനി ഇപ്പോൾ ലോക ഡൗൺ തുടരേണ്ടതുണ്ടോ, അതോ കണ്ടൈൻമെന്റ് സോൺ ആക്കി മാറ്റിയാൽ മതിയോ എന്ന കാര്യം തീരുമാനിക്കേണ്ടതുണ്ട്.

മലപ്പുറം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി താനൂരിൽ ട്രിപ്പിൾ ലോക്ക് ഡൌൺ എട്ടാം തീയതി വരെയും പൊന്നാനിയിൽ പന്ത്രണ്ടാം തീയതി വരെയും ദീർഘിപ്പിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

സമൂഹവ്യാപനത്തെപ്പറ്റി വിപുലമായ ചർച്ച ഇന്ന് പലയിടത്തും നടക്കുന്നുണ്ട്. ലോകാരോഗ്യസംഘടന സമൂഹ വ്യാപനത്തെ 4 ഘട്ടമായാണ് തരംതിരിക്കുന്നത്. രോഗികളില്ലാത്ത അവസ്ഥ ചിലയിടങ്ങളിൽ മാത്രം രോഗികൾ ഉള്ള അവസ്ഥ ചില സ്ഥലങ്ങളിൽ ചില പ്രത്യേക ആൾക്കാരുടെ ഇടയിൽ കേന്ദ്രീകരിക്കപ്പെടുന്നു കേസുകൾ. നാലാമതായി സമൂഹ വ്യാപനം ഈ അർത്ഥത്തിൽ ചിന്തിച്ചു നോക്കുമ്പോൾ കേരളത്തിൽ ക്ലസ്റ്ററിംഗ് ഉണ്ടെങ്കിലും സമൂഹ വ്യാപനത്തിൽ എത്തിയിട്ടില്ല എന്ന് നമുക്ക് പറയാം. എന്നാൽ മറ്റൊരു നിർവചനപ്രകാരം നിരീക്ഷണ കേന്ദ്രങ്ങളുടെ പുറത്ത്

കേസുകൾ ഉണ്ടെങ്കിൽ അതിനു സമൂഹ്യ സമൂഹ വ്യാപനമായി കണക്കാക്കാം ഇതുകൂടാതെ ഉറവിടം അറിയാത്ത കേസുകൾ ഉണ്ടെങ്കില അതിനെയും സമൂഹ വ്യാപനമായി കണക്കാക്കാം എന്നും പറയുന്നുണ്ട്. നിർവചനങ്ങൾ എന്തൊക്കെയാണെങ്കിലും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം നാം ഇപ്പോൾ നിയന്ത്രണത്തിലാണുള്ളത്. എന്നാൽ കേസുകൾ ഏതു സമയത്തു വേണമെങ്കിലും വർദ്ധിക്കാൻ സാധ്യതയുണ്ട്. കൂടുതൽ കേസുകൾ വന്നാൽ ചികിത്സിക്കാനായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാകേന്ദ്രങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും കൂടുതൽ ഊർജ്ജിതമായി ഇതിനെ കാണേണ്ടതുണ്ട് എന്നാണ് അഭിപ്രായം. മറ്റൊരു കാര്യം പി സി ആർ പരിശോധനകൾ നടത്താൻ ലാബുകളിൽ വളരെയധികം സമ്മർദ്ദമുണ്ട്. സമയത്തിന് പരിശോധനാഫലങ്ങൾ ലഭിക്കുന്നില്ല എന്ന പരാതിയും ഉണ്ട്. പരിശോധന കേന്ദ്രങ്ങളിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ടെക്നിക്കൽ സ്റ്റാഫുകളെ നിയമിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. അവരുടെ മേലുള്ള ലോഡ് കുറയ്ക്കാനായി ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ രോഗികളിൽ ആന്റിജൻ പരിശോധന നടത്താനാകുമോ എന്ന കാര്യം പരിശോധിക്കണം. മരണ നിരക്ക് സംബന്ധിച്ച വളരെ നല്ല ഒരു പഠന റിപ്പോർട്ട് ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. റിസ്ക് ഗ്രൂപ്പുകളിൽപ്പെട്ട ആൾക്കാർ ആദ്യം സൈലന്റ് ഹൈപോക്സിയ ആയിട്ടാണ് രോഗം പ്രത്യക്ഷപ്പെടുന്നത്. ഇത് എത്രയും പെട്ടെന്ന് മനസ്സിലാക്കാനായി പൾസ് ഓക്സിമീറ്ററുകൾ ആശാവർക്കർ മാർക്ക് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കണം. ഇതുവഴി രക്തത്തിൽ ഓക്സിജന്റെ അളവ് കുറയുന്നത് വളരെ നേരത്തെ അറിയാവുന്നതാണ്. ചിലയിടങ്ങളിൽ മറ്റ് രോഗലക്ഷണങ്ങളോ മറ്റ് രോഗങ്ങളോ ഉള്ളവരുടെപരിശോധനാഫലം പോസിറ്റീവ് ആവുകയാണെങ്കിൽ മാത്രമേ ആശുപത്രിയിലേക്കു മാറ്റേണ്ടതുള്ളു. മറ്റു രോഗങ്ങൾ ഉള്ളവരോ, വയോധികരോ ഉള്ള വീടുകളിൽ ഉള്ള ചെറുപ്പക്കാർ പുറത്തു പോയി തിരിച്ചു വന്നതിനു ശേഷം നിർബന്ധമായും വീട്ടിനുള്ളിൽ മാസ്ക് ധരിക്കുകയും ശാരീരിക അകലം പാലിക്കുകയും ചെയ്യണം എന്ന് ആരോഗ്യ മന്ത്രിയും മുഖ്യമന്ത്രിയും ജനങ്ങളോട് ആഹ്വാനം ചെയ്യണമെന്നാണ് അഭിപ്രായം.

## സംസ്ഥാന പോലീസ് മേധാവി, ശ്രീ. ലോക്നാഥ് ബെഹ്റ ഐ പി എസ്

പൊന്നാനിയിലെ ലോക് ഡൗൺ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഇന്ന് തീരുമാനം എടുക്കേണ്ടതാണ്. ദക്ഷിണ കന്നഡ ജില്ലകളിലും സാമൂഹ്യ വ്യാപനം ഉണ്ടായിട്ടുണ്ടോ എന്ന തരത്തിൽ വാർത്തകൾ ഉണ്ട്. ആയതിനാൽ കാസർഗോഡ് ജില്ലയിൽ ശക്തമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഡിസ്ചാർജ് ആയ ശേഷം രോഗികൾ നിരീക്ഷണത്തിൽ തുടരണമെന്നാണ് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് പൂർണമായി ഉറപ്പു വരുത്തണമെങ്കിൽ വാർഡ് കമ്മിറ്റികൾക്ക് ഇത് സംബന്ധിച്ച് സമയബന്ധിതമായ വിവരം ലഭിക്കേണ്ടതാണ്. സൗദി അറേബ്യയിൽ നിന്ന് 50 വിമാനങ്ങൾ അറേഞ്ച് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. സിഐഎസ്എഫ് ഐടിബിപി, ബിഎസ്എഫ് എന്നിവിടങ്ങളിലെ 104 ജവാൻമാ?ക്ക് രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിലെ താമസം സംബന്ധിച്ച ആഭ്യന്തരവകുപ്പ് ഒരു പഠനം നടത്തി. ഇതിൽ കുറച്ചു പേർ പുറത്തുപോവുകയും അച്ചടക്കം ഇല്ലാത്ത തരത്തിൽ പെരുമാറുകയും ചെയ്തിട്ടുള്ളതായി സംശയമുണ്ട്. ഇതുസംബന്ധിച്ച വിവരം മേധാവികളെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. തിരൂർ പോലീസ് സ്റ്റേഷനിലെ രണ്ട് തടവുപുള്ളികളെ 29ന് ജയിലിലേക്കു മാറ്റുന്നതിനു മുൻപ് സ്വാബ് എടുത്തിരുന്നു എന്നാൽ ആറാം തീയതി ആണ് അതിന്റെ പരിശോധനാഫലം രോഗം സ്ഥിരീകരിച്ചു എന്ന തരത്തിൽ പുറത്തുവന്നത്. ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നത് ബുദ്ധിമുട്ടുണ്ടാകും. എന്നതിനാൽ ഇത് ആരോഗ്യവകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. ചാലക്കുടിയിലേക്ക് പശ്ചിമബംഗാളിൽ നിന്ന് 35 തൊഴിലാളികളെ

ഒരു ബസ്സിൽ കെഎസ്ഇബിയുടെ ജോലിക്കായി കൊണ്ടുവന്നിരുന്നു. ഇതിൽ 17 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇങ്ങനെ വരുന്ന ആൾക്കാർക്ക് കർശനമായി നിഷ്കർഷിക്കുന്ന തരത്തിൽ നടപടി എടുക്കണം എന്നാണ് അഭിപ്രായം.

## ജില്ലാ കളക്ടർമാർ

**കൊല്ലം ജില്ല**

ജില്ലാ കളക്ടർ കൊല്ലം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ അധികമായി കൊല്ലം ജില്ലയിലേക്ക് വരുന്നത് തീരദേശപ്രദേശങ്ങളിൽ രോഗവ്യാപന സാധ്യത ഉണ്ടാക്കാൻ കാരണമായേക്കാം. ആയതിനാൽ അവർക്ക് വരാനായി അനുമതി നൽകുന്നത് തീരുമാനിക്കാൻ ജില്ലാ കളക്ടർമാർക്ക് സ്വാതന്ത്ര്യം നൽകണം. ഇതു സംബന്ധിച്ച കാര്യം പരിശോധിക്കേണ്ടതാണ് എന്ന് മുഖ്യമന്ത്രി പറഞ്ഞു. **(ചുമതല - പൊതുഭരണ വകുപ്പ്)**

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. സാമൂഹ്യവ്യാപനംതടയാൻ വേണ്ടി നടത്തിയ ഒരുക്കങ്ങൾ പൂർണതയിലേക്ക് എത്തിക്കേണ്ടതാണ്. ഇത് വിശകലനം ചെയ്തു പൂർണ്ണമായിനടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പുവരുത്തണം.**(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
2. ടെസ്റ്റുകളുടെ എണ്ണം നന്നായി കൂടിയിട്ടുണ്ട്. എന്നാൽ തിരൂർ പോലീസ് സ്റ്റേഷനിൽ സംഭവിച്ച കാര്യം പ്രസക്തമാണ്. ഇത് സംഭവിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ കാലതാമസമുണ്ടാക്കുന്നത് കൂടുതൽ ആളുകളിലേക്ക് രോഗവ്യാപനം ഉണ്ടാകാൻ കാരണമാകും. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
3. മരണപ്പെട്ടവരുടെ പരിശോധനാഫലം താമസിക്കുന്നതും അഭികാമ്യമല്ല. ഇതും ആരോഗ്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്)**
4. ടെക്നിക്കൽ ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നത് സംബന്ധിച്ച് ഡോക്ടർ ഇക്ബാൽ പറഞ്ഞകാര്യം ആരോഗ്യവകുപ്പ് പരിശോധിക്കേണ്ടതാണ്.**(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
5. ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിലേക്ക് വിടുന്നവർ തുടർന്നും നിരീക്ഷണത്തിൽ കഴിയേണ്ടതാണെന്ന് നാം മുമ്പും പറഞ്ഞിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് വ്യക്തമായ വിവരം വാർഡ് സമിതി അറിയിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
6. പശ്ചിമബംഗാളിൽ നിന്ന് ജോലിക്ക് ആളുകളെ കൊണ്ടുവന്നപ്പോൾ ക്വാറന്റീനിൽ കഴിഞ്ഞിട്ടുണ്ടോ അതോ ടെക്നിക്കൽ ജീവനക്കാർ ആയിരുന്നതിനാൽ ക്വാറന്റയിനിൽ കഴിയാതെയാണ് ജോലിക്ക് കയറിയോ എന്ന് പരിശോധിക്കേണ്ടതാണ്. ഇത് ഒരു അനുഭവപാഠം ആയി കണ്ടു കൃത്യമായ നിലപാട് നാം തുടർന്നു സ്വീകരിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**
7. കാസർകോട് ജില്ലയിൽ മഞ്ചേശ്വരത്ത് എടുത്ത നടപടികൾ നല്ലതാണ്. ദിവസവും പോയി വരുന്ന ആൾക്കാരെ രോഗവ്യാപനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അനുവദിക്കേണ്ടതില്ല. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**

8. തിരുവനന്തപുരം ജില്ലയിൽ ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മന്ത്രിമാരുടെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇവിടെ രണ്ട് ജീവനക്കാരെയെങ്കിലും വച്ച് തുറന്നു പ്രവർത്തിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
9. ഐടി മേഖല പ്രവർത്തിക്കുന്നതിന് കുറച്ചു ജോലിക്കാരെവച്ച് തുറക്കാനായി അനുമതി നൽകണം **(ചുമതല - പൊതുഭരണ വകുപ്പ്)**
10. രോഗവ്യാപനസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ നാം കർശനമായി ഇടപെടൽ നടത്തേണ്ടതാണ്. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
11. സമ്പർക്കം മനസ്സിലാകാത്ത ഉറവിടം മനസ്സിലാക്കാനാവാത്ത കേസുകളെ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യവകുപ്പ് അവതരിപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 21 പേർ തുടക്കത്തിൽ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഒരാളുടെ മാത്രമാണ് ഉറവിടം കണ്ടെത്താനാകാത്തത്. പാലക്കാട് ജില്ലയിൽ 24 പേരുണ്ടായിരുന്നതിൽ 20 പേരുടേയും ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ മലപ്പുറത്ത് 16 പേരുടെ വിവരങ്ങൾ ഇനിയും കിട്ടാനുണ്ട്. ഉറവിടം കണ്ടെത്താൻ ആകാത്തവർ തുടക്കത്തിൽ കൂടുതൽ ഉണ്ടായിരുന്നെങ്കിലും കൂടുതൽ പരിശോധനയിൽ അവരുടെ എണ്ണം കുറഞ്ഞു എന്നത് നല്ല ചിത്രമാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഗൗരവമായി തുടരേണ്ടതാണ്. അതല്ലെങ്കിൽ സാമൂഹവ്യാപന വാദഗതിക്ക് സമൂഹവ്യാപനം ഉണ്ടായിട്ടില്ല എന്ന വാദഗതിക്ക് ക്ഷീണംഉണ്ടാകും. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
12. തിരുവനന്തപുരം ജില്ലയിൽ കേസുകൾ വർധിക്കാൻ ഇടയായത് എല്ലായിടങ്ങളിലും വലിയ ആൾക്കൂട്ടം ഉണ്ടായതിനാലാണ്. സെക്രട്ടറിയേറ്റിനു മുന്നിൽ വരെ മത്സര ബുദ്ധിയോടെയുള്ള ആൾക്കൂട്ടം ഉണ്ടായിട്ടുണ്ട്. പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. അത് പാലിക്കാതിരുന്നതിനുള്ള പ്രശ്നമാണിത്. ആയതിനാൽതന്നെ പുറം ലോകത്ത് കേരളത്തിൽ വലിയ പ്രശ്നമാണ് എന്ന തരത്തിൽ വാർത്തകൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് തുടർന്ന് കൂടുതൽ കർക്കശമായ നിലപാടുകൾ എടുക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർ)**
13. കന്യാസ്ത്രീകൾ താമസിക്കുന്നയിടങ്ങളിൽ ചിലർ ചെന്ന് ഇതിനെ ക്വാറന്റീൻ കേന്ദ്രങ്ങൾ ആക്കണമെന്നും ആയതിനാൽ ഇവർ മാറി താമസിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നാം നിലപാട് എടുക്കേണ്ടതില്ല. ഇതു സംബന്ധിച്ച് കളക്ടർമാരോട് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകേണ്ടതാണ്. **(ചുമതല - ജില്ലാ കളക്ടർമാർ)**
14. 104 പാരാമിലിട്ടറി ജവാൻമാർക്ക് രോഗം സ്ഥിരീകരിച്ചത് ഗുരുതരമായ കാര്യമാണ്. ഇവർ ക്യാമ്പ് വിട്ട് പുറത്ത് പോകാൻ പാടുള്ളതല്ല. അവർക്കുവേണ്ട സാധന സാമഗ്രികൾ എത്തിച്ചുകൊടുക്കാൻ പോലീസുകാരും ജില്ലാഭരണകൂടവും ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. തിരുവനന്തപുരം ജില്ലയിൽ ട്രിപ്പിൾ ലോക്ഡൗൺ തുടരാവുന്നതാണ്. എന്നാൽ പൊന്നാനിയിൽ കണ്ടെയ്ൻമെന്റ് സോണുകളിൽ കർശ നനടപടികൾ തുടരുന്ന വിധത്തിൽ മുന്നോട്ടുപോകാം. **(ചുമതല - തദ്ദേശസ്വയംഭരണ ആഭ്യന്തര, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർമാർ)**
15. കൂടുതൽ പരിശോധനകൾ നടത്തിയെങ്കിലും ഇനിയും കേസുകൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ കാര്യമില്ല എന്നാണ് കരുതുന്നത്. കണ്ടെയ്ൻമെന്റ് സോണുകളിൽ പ്രവർത്തനങ്ങൾ കൂടുതൽ കർശനമായി നടപ്പാക്കാം. കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട പഞ്ചായത്തുകളിലും കൂടുതൽ കർശനമായ നടപടികൾ സ്വീകരിക്കാം. വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. പരിശോധനാ ഫലങ്ങളിൽ ഭയപ്പെടുന്ന തരത്തിൽ ഒന്നും

തന്നെ ലഭിച്ചിട്ടില്ലാത്തതിനാൽ ട്രിപ്പിൾ ലോക്ഡൗൺ പിൻവലിക്കാവുന്നതാണ്. **(ചുമതല – തദ്ദേശസ്വയംഭരണ ആഭ്യന്തര, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർമാർ)**

16. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ നടപ്പിലാക്കിയിരുന്ന ട്രിപ്പിൾ ലോക്ഡൗൺ പിൻവലിക്കുകയും കണ്ടൈൻമെന്റ് സോണുകൾ ആക്കി നിജപ്പെടുത്തുകയും ചെയ്യാവുന്നതാണ്. **(ചുമതല – തദ്ദേശസ്വയംഭരണ ആഭ്യന്തര, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർ)**

യോഗം 5 20 ന് അവസാനിച്ചു അടുത്ത യോഗം വെള്ളിയാഴ്ച് നടത്താവുന്നതാണ്.

**<u>അനുബന്ധം 1</u>**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി.
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
10. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
11. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
12. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
15. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
16. സെക്രട്ടറി, ധനകാര്യം
17. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
18. സെക്രട്ടറി, വ്യവസായ വകുപ്പ്
19. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
20. മുഖ്യമന്ത്രിയുടെ സെക്രട്ടറി
21. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
22. ജില്ലാ കളക്ടർ കൊല്ലം, കോഴിക്കോട്, എറണാകുളം, കാസർഗോഡ്, വയനാട്
23. ഡി ജി ഇ, തിരുവനന്തപുരം
24. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
25. മറ്റുള്ളവർ